പശ്ചിമഘട്ട വികസന പദ്ധതി

425. [536] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട വികസന പദ്ധതി സംസ്ഥാനത്ത് എന്നു മുതലാണ് നടപ്പിലാക്കിയത് ;

(ബി) ഏതെല്ലാം ബ്ലോക്കുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഫുട്ട് ബ്രിഡ്ജുകൾ നിർമ്മിച്ചു ;

(ഡി) ഫുട്ട് ബ്രിഡ്ജുകൾ എവിടെയെല്ലാമാണ് നിർമ്മിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 1974-75 മുതലാണ് നടപ്പിലാക്കി തുടങ്ങിയത്.

(ബി) പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച പദ്ധതി പ്രകാരം പശ്ചിമഘട്ട വികസന പദ്ധതി നടപ്പിലാക്കുന്നത് താലൂക്ക് തലത്തിലാണ്. ബ്ലോക്കുതലത്തിലല്ല. ആകെ 31 താലൂക്കുകളാണ് കേരളത്തിൽ പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. താലൂക്കുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. ‡

(സി) 139 എണ്ണം.

(ഡി) വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

ജാതിക്കായുടെ ഇറക്കുമതി

426. [537] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജാതിക്കായുടെ ഇറക്കുമതി സഹകാര്യ ഏജൻസികളെ ഏൽപ്പിക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ), (ബി) ഇറക്കുമതി കേന്ദ്രഗവൺമെൻറിന്റെ അധികാര പരിധിയിലുള്ള വിഷയമായതിനാൽ സംസ്ഥാന ഗവൺമെൻറിന് ഇക്കാര്യത്തിൽ യാതൊരു വിവരവുമില്ല.

ക്രിസ്ത്യൻ ബോർഡ്

427. [538] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഖഫ് ബോർഡ്, ദേവസ്വം ബോർഡ് എന്നിവയുടെ മാതൃകയിൽ ഒരു ക്രിസ്ത്യൻ ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

‡ അനുബന്ധം X

* അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

മന്ത്രിമാരുടെ ഓഫീസിലെ സ്റ്റേഷനറി ചെലവ്

428. [539] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30-9-1986 വരെ ഓരോ മന്ത്രിയുടെ ഓഫീസിലും സ്റ്റേഷനറി ഇനത്തിൽ ചെലവായ തുക പ്രത്യേകമായാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഓരോ മന്ത്രിമാരുടേയും ഓഫീസിൽ സ്റ്റേഷനറി ഇനത്തിൽ ചെലവായ തുകയെ സംബന്ധിച്ച പ്രത്യേകം കണക്ക് സൂക്ഷിക്കുന്ന പതിവില്ല. മന്ത്രിയുടെ ഓഫീസിലേക്ക് ആവശ്യമുള്ള സ്റ്റേഷനറി സാധനങ്ങൾ സ്റ്റേഷനറി വകുപ്പിൽനിന്നുകൊടുത്തുവരുന്നു.

പ്രധാനമന്ത്രിയുടെ കേരള സന്ദർശന സമയത്ത് അനുവാദത്തിനായി സമർപ്പിച്ച പദ്ധതികൾ

429 [540] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ പ്രാവശ്യം പ്രധാനമന്ത്രി കേരളത്തിൽ വന്നപ്പോൾ സംസ്ഥാനത്തിന്റെ പുരോഗതിക്ക് ഉതകുന്ന എന്തെങ്കിലും പദ്ധതി അനുവാദത്തിനായി സമർപ്പിച്ചോ ;

(ബി) എങ്കിൽ ഏതെല്ലാം ;

(സി) എത്ര എണ്ണത്തിന് അനുവാദം ലഭിച്ചു ?

ഉത്തരം

(എ) ഇല്ല.

(ബി), (സി) പ്രധാനമന്ത്രിയുടെ ഹൃസ്വസന്ദർശനം ജനങ്ങളോടൊത്തു ഓണാഘോഷത്തിൽ പങ്കെടുക്കാനായിരുന്നു.

കൊച്ചി വിമാനത്താവളം

430 [542] ശ്രീ. ബെന്നിബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ ;

(എ) കൊച്ചി വിമാനത്താവളത്തിന്റെ വികസനത്തിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(സി) നിർദ്ദിഷ്ട അന്തർദേശീയ വിമാനത്താവളത്തിന്റെ സ്ഥല നിർണ്ണയം സംബന്ധിച്ച് നടപടികൾ പൂർത്തിയായോ ;

(ഡി) എടയ്ക്കാട് വയലിൽ ഈ വിമാത്താവളം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly